"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

പിഎസ്2/3/2023/WCDD

വനിതാ-ശിശു വികസന(പിഎസ്) വകുപ്പ്
14-02-2023,തിരുവനന്തപുരം

പ്രിൻസിപ്പൽ സെക്രട്ടറി

1.സാമൂഹ്യനീതി ഡയറക്ടർ, തിരുവനന്തപുരം.
2.ഡയറക്ടർ, വനിതാ ശിശു വികസന വകുപ്പ്, തിരുവനന്തപുരം
3.മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ, തിരുവനന്തപുരം.
4.മാനേജിംഗ് ഡയറക്ടർ, സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
5.അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ, സംസ്ഥാന ശിശുക്ഷേമസമിതി, തിരുവനന്തപുരം.
6.എക്സിക്യൂട്ടീവ് ഡയറക്ടർ ,കേരളാ സാമൂഹ്യ സുരക്ഷാ മിഷൻ, തിരുവനന്തപുരം.
7.സെക്രട്ടറി, സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, തിരുവനന്തപുരം.
8.എക്സിക്യൂട്ടീവ് ഡയറക്ടർ, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് & ഹിയറിംഗ് (നിഷ്), തിരുവനന്തപുരം.
9.സെക്രട്ടറി, വനിതാ കമ്മീഷൻ, തിരുവനന്തപുരം.
10.കമ്മീഷണർ, സംസ്ഥാന വികലാംഗ ക്ഷേമ കമ്മീഷണറേറ്റ്, തിരുവനന്തപുരം.
11.മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, തിരുവനന്തപുരം.
12.സെക്രട്ടറി, കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,തിരുവനന്തപുരം.
13.ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ, ജെൻഡർ പാർക്ക്, തിരുവനന്തപുരം.
14.സൂപ്രണ്ട്, ശ്രീചിത്ര പുവർ ഹോം, തിരുവനന്തപുരം.

സർ,

വിഷയം:- നിതാശിശുവികസന(പി.എസ്) വകുപ്പ് - പതിനഞ്ചാം കേരള നിയമസഭ- എട്ടാം സമ്മേളനം- ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിന് പുതുക്കി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ- -സംബന്ധിച്ച്.

സൂചന:- സർക്കാരിന്റെ 17.01.2023 തീയതിയിലെ ഇതേ നമ്പർ കത്ത്

പതിനഞ്ചാം കേരള നിയമസഭയുടെ എട്ടാം സമ്മേളന കാലത്ത് 2023 ഫെബ്രുവരി 27മുതൽ ഈ വകുപ്പുമായി ബന്ധപ്പെട്ട ബഹു. മന്ത്രിമാർ നിയമസഭാ ചോദ്യങ്ങൾക്ക് മറുപടി നൽകുവാൻ പുതുക്കി നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ താഴെപ്പറയുന്നവയാണ്.

| മന്ത്രിമാർ | ചോദ്യോത്തരങ്ങൾക്ക് ഉത്തരം നൽകാൻ നിശ്ചയിച്ചിട്ടുള്ള ദിവസങ്ങൾ |
|---|---|
| ബഹു.മുഖ്യമന്ത്രി | 2023 മാർച്ച് 3 ,15 ,22, 29 |
| ബഹു.ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി | 2023മാർച്ച് 2 ,14 ,21, 28 |
| ബഹു.ആരോഗ്യ-വനിത-ശിശു വികസന വകുപ്പ് മന്ത്രി | 2023 മാർച്ച് 3 ,15 ,22, 29 |

നിയമസഭാ സമ്മേളനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും, നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1.അതത് വകുപ്പുമായി ബന്ധപ്പെട്ട നിയമസഭാ ചോദ്യങ്ങൾ നിയമസഭയുടെ വെബ്സൈറ്റിൽ അപ് ലോഡ് ചെയ്യപ്പെടുന്ന

വേളയിൽ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവ നേരിട്ട് ഡൗൺലോഡ് ചെയ്ത് മറുപടി തയ്യാറാക്കി അടുത്ത ദിവസം തന്നെ സർക്കാരിൽ ലഭ്യമാക്കേണ്ടതാണ്.

2.നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങൾ, സബ് മിഷൻ, ശ്രദ്ധ ക്ഷണിക്കൽ, പ്രമേയങ്ങൾ മുതലായവയ്ക്കുള്ള മറുപടി നൽകുന്നതിനാവശ്യമായ വിവരങ്ങൾ വകുപ്പ് /സ്ഥാപന മേധാവികളുടെ അംഗീകാരത്തോടെ മാത്രം മടക്കത്തപാലിൽ ലഭ്യമാക്കേണ്ടതാണ്.

3.നിയമസഭാ സമ്മേളനവുമായി ബന്ധപ്പെട്ട് എല്ലാ കാര്യങ്ങളും ഉത്തരവാദിത്തത്തോടെ നിർവഹിയ്ക്കുന്നതിന് നോഡൽ ഓഫീസറെ ചുമതലപ്പെടുത്തേണ്ടതും, പ്രസ്തുത ഓഫീസറുടെ സേവനം ഫോണിൽ എല്ലായ്പ്പോഴും ലഭ്യമാക്കേണ്ടതുമാണ്.

4.നിയമസഭാ സമ്മേളനം നടക്കുന്ന കാലയളവിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവർക്ക് നിശ്ചയിച്ചിട്ടുള്ള ദിവസങ്ങളിൽ നിയമസഭയുടെ ഓഫീസേഴ്സ് ഗ്യാലറിയൽ ഹാജരായിരിക്കേണ്ടതും നിശ്ചയിക്കപ്പെട്ടിട്ടുള്ള സമയം വരെ സഭയിൽ തുടരേണ്ടതുമാണ്.

5.സർക്കാരിലേയ്ക്ക് നൽകുന്ന മറുപടിയും വകുപ്പ്/ സ്ഥാപനങ്ങളുടെ വെബ് സൈറ്റിലുള്ള വിവരങ്ങളും പൊരുത്തപ്പെടേണ്ടതും അവ കാലികപ്രസക്തമാണെന്നും വകുപ്പ് / സ്ഥാപന മേധാവികൾ ഉറപ്പു വരുത്തേണ്ടതുമാണ്.

വിശ്വസ്തതയോടെ,
SANTHOSH KUMAR T K
ADDITIONAL SECRETARY
പ്രിൻസിപ്പൽ സെക്രട്ടറിയ്ക്കുവേണ്ടി

പകർപ്പ് :
ബഹു.ആരോഗ്യ-വനിതാശിശുവികസന വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.ഉന്നത വിദ്യാഭ്യാസ- സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
വനിതാശിശുവികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
വനിതാശിശുവികസന വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എ
സാമൂഹ്യനീതി വകുപ്പ് ജോയിൻറ് സെക്രട്ടറിയുടെ സി.എ
സാമൂഹ്യനീതി വകുപ്പ് അണ്ടർ സെക്രട്ടറി
വനിതാശിശുവികസന വകുപ്പ് അണ്ടർ സെക്രട്ടറി
ഓഫീസ് /സ്റ്റോക്ക് കോപ്പി

അംഗീകാരത്തോടെ

സെക്ഷൻ ഓഫീസർ.